ഇറയം റിസർച്ച് ജേർണൽ

September - December 2023 Volume VII Issue 3

# കാവ്യബിംബങ്ങൾ:

# മലയാളകവിതയെ മുൻനിർത്തി ഒരു വിചാരം

**ഡോ.സുരജ.ഇ. എം.**

**ആമുഖം**

കാവ്യചർച്ചകളിൽ സാധാരണയായി ഉപയോഗിയ്ക്കുന്ന പദമാണ് ബിംബം. എന്താണ് കാവ്യബിംബങ്ങൾ, അലങ്കാരം, പ്രതീകം, ബിംബം എന്നിങ്ങനെയൊക്കെയുള്ള പദങ്ങൾക്ക് ഒരേ അർത്ഥമാണോ ഉള്ളത്, ഇവയെ വ്യതിരിക്തമായി അടയാളപ്പെടുത്താനുള്ള ഉദാഹരണങ്ങൾ മലയാളകവിതയിൽ നിന്ന് ലഭിയ്ക്കുമോ തുടങ്ങിയ കാര്യങ്ങളാണ് ഈ പ്രബന്ധത്തിന്റെ ആലോചനാവിഷയം. ഇവ തമ്മിൽ പലപ്പോഴും മാറിപ്പോകുന്ന സാഹചര്യങ്ങൾ കണ്ടിട്ടുള്ളതുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു വിഷയം തെരഞ്ഞെടുത്തത്. സാഹിത്യസിദ്ധാന്തങ്ങളെ പ്രയോഗികപരിസരങ്ങളിൽ ചർച്ച ചെയ്യേണ്ടതുണ്ട് എന്ന ബോധ്യവും ഇതിൽ പ്രവർത്തിച്ചിട്ടുണ്ട്.

കാവ്യത്തിന്റെ സംവേദനശക്തി വർദ്ധിപ്പിക്കാനും അതിനെ കൂടുതൽ പ്രകാശിപ്പിക്കാനും ഊന്നിപ്പറയേണ്ടവയെ എടുത്തുകാണിക്കാനുമൊക്കെ കവികളുപയോഗിയ്ക്കുന്ന കല്പനകളാണ് സാമാന്യാർത്ഥത്തിൽ അലങ്കാരവും പ്രതീകവും ബിംബവുമെല്ലാം. എന്നാൽ ധർമ്മത്തിലും കവിതയിൽ പ്രവർത്തിയ്ക്കുന്ന രീതിയിലും ഇവയ്ക്ക് തമ്മിൽ ഭേദമുണ്ട്. ചരിത്രപരമായി

നോക്കുമ്പോൾ, മേൽ സൂചിപ്പിച്ച വാക്കുകളിൽ (അലങ്കാരം, ബിംബം, പ്രതീകം എന്നിവയിൽ), അലങ്കാരം എന്ന വാക്കിന്റെ പ്രയോഗമാണ് ആദ്യം കാണുക. അലങ്കാരം എന്ന വാക്കിന് സൗന്ദര്യം എന്നാണ് സാമാന്യാർത്ഥം. "സൗന്ദര്യമലങ്കാരഃ"[1] എന്ന് വാമനൻ. സൗന്ദര്യം ഉണ്ടാക്കുന്നത് (സൗന്ദര്യകരണം, അലങ്കരണം) എന്ന് വിശേഷാർത്ഥവും. "അലം കരോതി ഇതി[2] എന്ന് അദ്ദേഹം ഇതിനെ വിശദീകരിയ്ക്കുന്നുമുണ്ട്.

വലിയ വളച്ചുകെട്ടലുകളൊന്നുമില്ലാതെ പറയുന്ന കാര്യം വായനക്കാർക്ക് കൗതുകമുണ്ടാക്കിക്കൊള്ളണമെന്നില്ല. അഥവാ, നേരിട്ടുള്ള അത്തരം പറച്ചിലുകൾ വായനക്കാരുടെ സൗന്ദര്യബോധത്തിൽ കാര്യമായ ഉരച്ചിലുകൾ ഉണ്ടാക്കുന്നില്ല. "ശബ്ദതലത്തിലും അർത്ഥതലത്തിലും വക്രമായ ഉക്തിയാണ് വാക്കിന് സൗന്ദര്യമുണ്ടാക്കുന്ന ധർമ്മം, അലങ്കാരം" എന്ന് ആദ്യാലങ്കാരികനായ ഭാമഹൻ നിർവ്വചിച്ചിട്ടുണ്ട്[3]. ഉദാഹരണത്തിന്, സൂര്യൻ ഉദിച്ചു, എങ്ങും പ്രകാശം പരന്നു എന്നു കേൾക്കുമ്പോൾ വലിയ കൗതുകമൊന്നും തോന്നണമെന്നില്ല. എന്നാൽ,

പൊന്നു പുലരിയുണർന്നെണീറ്റു
ചെന്നു കിഴക്കു തീപ്പൂട്ടിടുമ്പോൾ- (കാക്ക, വൈലോപ്പിള്ളി)

എന്നോ

[1] വാമനൻ, കാവ്യാലങ്കാരസൂത്രവൃത്തി, വിവ. അച്യുതനുണ്ണി ചാത്തനാത്ത്, 1983: വള്ളത്തോൾ വിദ്യാപീഠം ശുകപുരം, പു.247

[2] ഉദ്ധ: ഡോ.ഭാസ്കരൻ ടി., ഭാരതീയ കാവ്യശാസ്ത്രം, 2011, കേരളഭാഷാ ഇൻസ്റ്റിട്യൂട്ട്,, തിരുവനന്തപുരംപുരം, പു.205

[3] ഉദ്ധ: അച്യുതനുണ്ണി ചാത്തനാത്ത്, അലങ്കാരം: കാളിദാസ കവിതയെ മുൻനിർത്തി ഒരു വിചാരം, 2016, വള്ളത്തോൾ വിദ്യാപീഠം ശുകപുരം പു. 5

അപ്രമേയവിലാസലോലയാം
സുപ്രഭാതത്തിൻ സുസ്മിതം
പൂർവ്വ ദിങ്മുഖത്തിങ്കലൊക്കെയും
പൂവിതളൊളി പൂശുമ്പോൾ – (ആ പൂമാല, ചങ്ങമ്പുഴ)

എന്നോ

കൈതകൾക്ക കുരുന്നോല വിരിഞ്ഞ പോലെ
കാണ്മൂ, തെല്ല വിളർത്തിട്ടുണ്ടുദയ ശൈലം
കൂരിരുളിൻ തുമ്പുകളിൽ ളു വെളിച്ചത്തിന്റെ
കുഡ്മളങ്ങൾ ചുരുൾത്തിരി വിടർത്ത പോലെ – (കുങ്കുമപ്രഭാതം, ഇടശ്ശേരി)

എന്നോ പറയുമ്പോൾ വായനക്കാർക്ക്, മറ്റൊരനുഭൂതിയുണ്ടാകുന്നു. മൂന്നു സന്ദർഭത്തിലും പറയുന്നത് ഒരേ കാര്യമാണ്: സൂര്യൻ ഉദിച്ചു, എങ്ങും പ്രകാശം പരന്നു. എന്നാൽ, സന്ദർഭമനുസരിച്ച് അത് പലതായി മാറിയതായിട്ടാണ് അസ്വാദകർക്ക് തോന്നുക. ഇങ്ങനെ വക്രമാക്കി പറയുമ്പോൾ ആ ഭാഷയ്ക്ക് പൊതുവായുള്ള പദങ്ങൾ തന്നെയേ കവിയ്ക്കും കൈമുതലുള്ളൂ. അവയെ അസാധാരണമായ മട്ടിൽ കോർത്തിണക്കുകയാണ്, കവികൾ ചെയ്യുന്നത്. "By vakrata, Bhamaha implies a kind of hightend or extra ordinary turn given to an expression" എന്ന് എസ്.കെ.ഡേ ഇതിനെ വിശദീകരിക്കുന്നു[4]. ഒരർത്ഥത്തിൽ, അലങ്കാരവും പ്രതീകവും ബിംബവുമെല്ലാം ഒരുതരം extraordinary turn given to an expression ആണ്. നേരെച്ചൊവ്വെ പറയാതെ വളച്ചുകെട്ടിപ്പറയുക. ആ വക്രതയുടെ രഹസ്യം

[4] ഉദ്ധ: അച്യുതനുണ്ണി ചാത്തനാത്ത്, അലങ്കാരം: കാളിദാസ കവിതയെ മുൻനിർത്തി ഒരു വിചാരം, 2016, വള്ളത്തോൾ വിദ്യാപീഠം ശുകപുരം പു. 5

കുടികൊള്ളുന്നത് അതിശയോക്തിയിലാണ് എന്ന് ഭാമഹൻ, ദണ്ഡി, ആനന്ദവർദ്ധനൻ തുടങ്ങിയവരെല്ലാം ചൂണ്ടിക്കാണിയ്ക്കുന്നുണ്ട്. അതായത്, അല്പം അതിശയോക്തിപരമായി, നേരിട്ടല്ലാതെ നടത്തുന്ന പ്രയോഗങ്ങളാണ്, അലങ്കാരവും ബിംബവും പ്രതീകവുമെല്ലാം എന്ന ചുരുക്കാം. ചിരപരിചിതമായവയെ അപരിചിതമാക്കുന്നിടത്താണ് വക്രത പ്രവർത്തിയ്ക്കുന്നത്. ഇത് ആധുനികചിന്തകരും അംഗീകരിയ്ക്കുന്നുണ്ട്. റഷ്യൻ ഫോർമലിസത്തിന്റെ പ്രധാന വക്താക്കളിലൊരാളായിരുന്ന മുക്കറോവ്സ്കി കാവ്യശൈലിയെ നിരീക്ഷിച്ചത്, deviation from the lingustic norm എന്നാണ്.

### 1.1. അലങ്കാരം

അലങ്കാരങ്ങൾ പൊതുവേ കാവ്യത്തിന് സൗന്ദര്യം വർദ്ധിപ്പിക്കുന്ന ബാഹ്യ ഘടകങ്ങളാണെന്നാണ് പറഞ്ഞു പോരുന്നത്.

അംഗിയായ രസത്തിന്റെ -
യുത്ക്കർഷത്തിന്നു ഹേതുവാം
സ്ഥിരം ധർമ്മം തന്നെ ഗുണം
ശൗര്യാദ്യാത്മാവിനെന്നപോൽ.
സ്ഥിതമായ രസത്തിന്റെ -
യംഗങ്ങൾക്കുപകരിയായ്
ചേരും ധർമ്മമലങ്കാരം
ഹാരാദ്യാത്മാവിനെന്നപോൽ [5]

[5] രാജരാജവർമ്മ, എ.ആർ, ഭാഷാഭൂഷണം, 2001, SPCS/NBS, കോട്ടയം, പു.166

അതായത്, ശൗര്യാദികൾ വ്യക്തിയുടെ ആത്മാവിന് എപ്രകാരം ഭൂഷണമാകുന്നുവോ, അതുപോലെ ഗുണങ്ങളും ഹാരാദികൾ ശരീരത്തിന് അലങ്കാരമാകുന്നതെങ്ങനെയോ ആ മട്ടിൽ അലങ്കാരങ്ങളും പ്രവർത്തിയ്ക്കുന്നു. ഇത്തരമൊരു ചിന്ത എ ആർ സ്വീകരിക്കുന്നത്, ധ്വന്യാലോകത്തിൽ നിന്നാണ് എന്നു കാണാം:

തമർത്ഥമവലംബന്തേ

യേഽങ്ഗിനം തേ ഗുണാഃ സ്മൃതാഃ

അങ്ഗാശ്രിതാസ്ത്വലങ്കാരാ

മന്തവ്യാഃ കടകാദിവത്

കാവ്യത്തിലെ അംഗിയായ അർത്ഥത്തെ - രസഭാവാദിയെ- ആശ്രയിച്ചു നില്ക്കുന്നവയത്രേ ഗുണങ്ങൾ. ശരീരമായ ശബ്ദാർത്ഥങ്ങളെ ആശ്രയിച്ചു നിൽക്കുന്നവയാണ് അലങ്കാരങ്ങൾ, കടകം പോലെ.[6] (ധ്വന്യാലോകകാരൻ, അലങ്കാരങ്ങൾ ശരീരത്തിന് കടകം പോലെ എന്നാണ് പറയുന്നത്; എ.ആർ. 'ഹാരം പോലെ ' എന്നും. ഹാരം  എന്ന പദം വാമനന്റെ കാവ്യാലങ്കാര സൂത്രവൃത്തിയിൽ നിന്നാണ് അദ്ദേഹം സ്വീകരിയ്ക്കുന്നത് എന്നുകൂടി ആനുഷംഗികമായി സൂചിപ്പിക്കട്ടെ.) ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുള്ളത്, ധ്വന്യാലോകത്തിൽത്തന്നെ, "തദേവം വ്യംഗ്യാംശ സംസ്പർശേ സതി ചാരുത്വാതിശയയോഗിനോ രൂപകാദയോഽലങ്കാരാഃ സർവ്വ ഏവ ഗുണീഭൂതവ്യംഗ്യസ്യമാഗഃ തല്ലക്ഷണേ സിദ്ധേ സർവ്വ ഏവൈതേ സുലക്ഷിതാ ഭവന്തി"-[7] ഇങ്ങനെ വ്യംഗ്യാശയസംസ്പർശം കൊണ്ടു സൗന്ദര്യാതിശയമുള്ള രൂപകം തുടങ്ങിയ

[6] ഉദ്ധ: അച്യുതനുണ്ണി ചാത്തനാത്ത്, അലങ്കാരം: കാളിദാസ കവിതയെ മുൻനിർത്തി ഒരു വിചാരം, 2016, വള്ളത്തോൾ വിദ്യാപീഠം ശുകപുരം പു. 15, 16

[7] ഉദ്ധ: അച്യുതനുണ്ണി ചാത്തനാത്ത്, അലങ്കാരം: കാളിദാസ കവിതയെ മുൻനിർത്തി ഒരു വിചാരം, 2016, വള്ളത്തോൾ വിദ്യാപീഠം ശുകപുരം പു. 15

അലങ്കാരങ്ങളെല്ലാം ലക്ഷണം സിദ്ധമാകയാൽ സുലക്ഷിതങ്ങളായിത്തീരും. ഒരിടത്ത് അലങ്കാരങ്ങൾ കടകങ്ങൾ പോലെ ബാഹ്യാലങ്കാരങ്ങൾ മാത്രമാണ് എന്ന് പറഞ്ഞ ധ്വന്യാലോകകാരൻ, മറ്റൊരിടത്ത് രൂപകം തുടങ്ങിയ ഗുണീഭൂതവ്യംഗ്യ സ്വഭാവമുള്ളവയാകയാൽ അവയെ ധ്വനിയുടെ ഭാഗമായി കണക്കാക്കുന്നു. ഈ അഭിപ്രായങ്ങളിലെ വൈരുദ്ധ്യത്തെ മുൻനിർത്തി, ഇത് പില്ക്കാലീനരെ വഴിതെറ്റിയ്ക്കുന്നതാണ് എന്ന് ഡോ.ചാത്തനാത്ത് അച്യുതനുണ്ണി നിരീക്ഷിയ്ക്കുന്നു. എന്നാൽ, അലങ്കാരം ഗുണീഭൂതവ്യംഗ്യമാണ് എന്നു പറഞ്ഞ സന്ദർഭത്തിൽ ആനന്ദവർദ്ധനൻ രൂപകാദികൾ എന്നാണ് പ്രയോഗിക്കുന്നതെന്നു ശ്രദ്ധിയ്ക്കാം. വെറും അലങ്കാരം എന്നേ ഉദ്ദേശിച്ചിട്ടുള്ളൂ എങ്കിൽ, ഉപമാദികളായ അലങ്കാരങ്ങൾ എന്നല്ലേ പറയുമായിരുന്നുള്ളൂ? അതായത്, ആനന്ദവർദ്ധനൻ 'രൂപകാദികൾ' എന്നു പ്രയോഗിച്ചത് ബോധപൂർവം തന്നെയാണ്. മറ്റലങ്കാരങ്ങളിൽ നിന്ന് വ്യത്യസ്തമായി രൂപകാദികൾ (രൂപകം, രൂപകാതിശയോക്തി, ചിലപ്പോഴെങ്കിലും അപ്രസ്തുത പ്രശംസ തുടങ്ങിയവ) ബിംബങ്ങളോട് അടുത്തു നില്ക്കുന്നുണ്ട് എന്നദ്ദേഹം മനസ്സിലാക്കിയിരിയ്ക്കണം: ഇന്നുപയോഗിയ്ക്കുന്ന അർത്ഥത്തിൽ ബിംബം എന്ന വാക്ക് അന്ന് പ്രയോഗത്തിൽ ഉണ്ടായിരുന്നില്ലെങ്കിലും. കൃത്രിമമായി വെച്ചുകെട്ടുന്നതോ, ഘടകങ്ങളായി പിരിച്ചെടുക്കാവുന്നതോ അല്ല ബിംബങ്ങൾ. അതുകൊണ്ടാണ് ബിംബസ്വഭാവമുള്ള രൂപകാദികൾ കാവ്യാത്മാവിന്റെ ഭാഗമാണ് എന്ന് ആനന്ദവർദ്ധനൻ പറയുന്നത്. ഒരുദാഹരണത്തിലൂടെ വിശദീകരിക്കാം. ഉപമയുടെ വിഖ്യാതമായ ഉദാഹരണം നോക്കുക:

മന്നവേന്ദ്രാ വിളങ്ങുന്നു
ചന്ദ്രനെപ്പോലെ നിൻ മുഖം -

ഇതിൽ, ചന്ദ്രനെപ്പോലെ എന്ന ഉപമാ സൂചകപദം നമുക്ക് അഴിച്ചെടുക്കാൻ കഴിയും. എന്നു തന്നെയുമല്ല, ആ പദം ഒഴിവാക്കിയാലും 'തിളങ്ങുക' എന്ന ക്രിയകൊണ്ട് അർത്ഥബോധമുണ്ടാകുകയും ചെയ്യും. എന്നാൽ,

രാക്കിരിക്കിൻ കണ്ണു കുത്തിത്തള്ളും

വെള്ളം തെറിയ്ക്കവേ

ചിരിച്ചുകൊണ്ടൊന്നു കണ്ണു

ചിമ്മിപ്പോയ് പുലർതാരക -

എന്ന് (സൗന്ദര്യപൂജയിൽ) പി. എഴുതുമ്പോൾ, അർത്ഥത്തെ ബാധിക്കാതെ, അതിൽ നിന്ന് ഏതെങ്കിലുമൊരു വാക്കോ, എന്തിന് അക്ഷരമോ പോലും മാറ്റിവെയ്ക്കാനാവില്ല. ഇങ്ങനെ, കാവ്യത്തിന്റെ, അല്ലെങ്കിൽ, അതിലെ സവിശേഷാഖ്യാന സന്ദർഭത്തിന്റെ സത്തയെ മുഴുവൻ ഒരൊറ്റ സൂചകത്തിലേയ്ക്കിണക്കി ആവിഷ്കരിയ്ക്കുന്നവയാണ് ബിംബങ്ങൾ എന്നു പറയാം.

**1.2.രൂപകവും രൂപകാതിശയോക്തിയും:**

ഉപമാനവും ഉപമേയവും രണ്ടു വസ്തുക്കളല്ല ഒന്നു തന്നെ എന്ന് അഭേദം കല്പിച്ച് ഉപമാനധർമ്മത്തെ എടുത്ത് ഉപമേയത്തിൽ വെക്കുന്നതാണ് രൂപകാലങ്കാരം എന്നാണല്ലോ കേരളപാണിനി പറയുന്നത്:

അവർണ്യത്തോടു വർണ്യത്തി-

ന്നഭേദം ചൊല്ക രൂപകം

സംസാരമാം സാഗരത്തി -

ലംസാന്തം മുങ്ങൊലാ സഖേ -[8]

[8] രാജരാജവർമ്മ, എ.ആർ, ഭാഷാഭൂഷണം, 2001, SPCS/NBS, കോട്ടയം, പു.28

ഒന്നിന്റെ രൂപം മറ്റൊന്നിന് കൊടുക്കുന്നത് എന്ന് രൂപകശബ്ദത്തിന് അർത്ഥയോജന എന്നും ഉപമയിൽ ഉപമാനമെന്നും ഉപമേയമെന്നും രണ്ടായിട്ടു കാണപ്പെടുന്ന വസ്തുക്കളിൽ ഉള്ള ഭേദബുദ്ധിയെ ഉപേക്ഷിച്ചാൽ അത് രൂപകമാവും എന്നും സൂചിപ്പിച്ചു കൊണ്ട് അദ്ദേഹം മറ്റൊരുദാഹരണം കൂടി നല്കുന്നു:

ഭൃംഗാഞ്ജനച്ചാർത്തൊടു ചേർത്തു ചാർത്തി
മുഖത്തിലോമൽത്തിലകം മധുശ്രീ
ചേലൊത്ത ചെഞ്ചായമുഴിഞ്ഞു മെല്ലേ
മിനുക്കിനാൾ മാന്തളിരാകുമോഷ്ഠം[9]

(കുമാരസംഭവം)

ഇവിടെ മധുശ്രീയാകുന്ന ഒരു യുവതിയുടെ ചിത്രം കാണാം. ഭൃംഗങ്ങൾ, അവളുടെ അഞ്ജനച്ചാർത്ത്; തിലകപുഷ്പം കൊണ്ട്, ഓമൽത്തിലകം; ചൊടികളോ, ചെഞ്ചായം തേച്ച മാന്തളിരുകളും. ഒരർത്ഥത്തിൽ അമൂർത്തമെങ്കിലും ഉൾക്കണ്ണിൽ തെളിയുന്ന ഒരു മൂർത്തത ഇതിലുണ്ട്. അലങ്കാരത്തിന്റെ ഭാഷയിൽ, ഭൃംഗങ്ങളാകുന്ന അഞ്ജനച്ചാർത്ത്, തിലകപുഷ്പമാകുന്ന തിലകം, മാന്തളിരുകളാകുന്ന ചെഞ്ചുണ്ടുകൾ എന്നിങ്ങനെയുള്ള രൂപകങ്ങൾ. ഇതിൽ ആദ്യത്തെ രണ്ടു വരികൾകൾക്ക് ശേഷം, കവി, ചേലൊത്ത ചെഞ്ചായമുഴിഞ്ഞു മെല്ലെ മിനുക്കിനാൾ മാന്തളിരാകമാനം - എന്നാണ് എഴുതിയത് എന്നു വിചാരിക്കുക. അപ്പോഴും മാന്തളിർ എന്നത് ചുണ്ടിനെ സൂചിപ്പിക്കുന്നു എന്ന് നമുക്ക് മനസ്സിലാകും. അത്തരത്തിൽ പൂർണ്ണമായ ഒരഭേദം തന്നെയാണ് ബിംബത്തിലും കാണുക. രൂപകാതിശയോക്തി ഈ സങ്കല്പത്തോട് വളരെ അടുത്തു നില്ക്കുന്നു:

നിഗീരാധ്യവസാനം താൻ

[9] രാജരാജവർമ്മ, എ.ആർ, ഭാഷാഭൂഷണം, 2001, SPCS/NBS, കോട്ടയം, പു.30

രൂപകാതിശയോക്തിയാം:

സരോജ യുഗളം കാൺക

ശരങ്ങൾ ചൊരിയുന്നിതാ[10]

ഉപമാനോപമേയങ്ങൾക്ക് അഭേദം കല്പിച്ച്, ഉപമേയത്തെ കാണിയ്ക്കാതെ അതിന്റെ സ്ഥാനത്ത് ഉപമാനത്തെത്തന്നെ പ്രയോഗിയ്ക്കുന്നതിന് നിഗീരാധ്യവസാനം എന്ന് പേര്. ഉപമാനോപമേയങ്ങൾക്കുള്ള ഭേദത്തെ വകവെയ്ക്കായ്കകൊണ്ട് ഇത് ഭേദത്തിങ്കലഭേദമാകുന്നു. ഉദാഹരണത്തിൽ നേത്രസരോജയുഗളം എന്നു പറയേണ്ടിടത്ത് ഉപമേയങ്ങളായ നേത്രകടാക്ഷങ്ങളെ വിട്ടിട്ട് ഉപമാനങ്ങളായ സരോജയുഗളശരങ്ങളെ മാത്രം നിർദ്ദേശിയ്ക്കുകയാണ്. നേരത്തെ, മാന്തളിരാകുമേഷ്ഠം എന്നിടത്തെ ഓഷ്ഠം ഒഴിവാക്കുമ്പോഴും രാക്കരിക്കിന്റെ കണ്ണു കുത്തിത്തള്ളും വെള്ളമെന്ന് വെളിച്ചത്തെ വിളിച്ചപ്പോഴും സംഭവിച്ചത് ഇതാണ്. അതുകൊണ്ടാണ് ഇത്തരം പ്രയോഗങ്ങൾ ബിംബത്തോട് വളരെ അടുത്തു നില്ക്കുന്നു എന്നു പറയുന്നത്.

## 2. ബിംബങ്ങൾ

ഇമേജ് എന്നാണ് പാശ്ചാത്യസാഹിത്യ ചർച്ചയിൽ ബിംബത്തെ വിളിയ്ക്കുന്നത്. 'ചിത്രം' അല്ലെങ്കിൽ 'പ്രതിച്ഛായ' എന്ന് സാമാന്യർത്ഥം. എന്നാൽ, കാവ്യചർച്ചയിൽ, ബിംബമെന്ന വാക്ക്, ഐന്ദ്രിയാനുഭൂതിയെക്കൂടി സൂചിപ്പിയ്ക്കുന്നു. The Sensory and figurative language used in Poetry[11] എന്ന എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ നിർവ്വചനം ശ്രദ്ധിയ്ക്കുക.

---

[10] രാജരാജവർമ്മ, എ.ആർ, ഭാഷാഭൂഷണം, 2001, SPCS/NBS, കോട്ടയം, പു. 53

[11]web Page of Encyclopedia Britanica

ദൃശ്യം, ഗന്ധം, രുചി, മണം, സ്പർശം, ചലനം, ആന്തരികാനുഭൂതികൾ എന്നിവയൊക്കെ ബിംബഭാഷയിൽ ആവിഷ്കരിയ്ക്കപ്പെടാറുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ചിലപ്പോൾ, ചില കവിതകൾ മുഴുവനായിത്തന്നെ ഒരൊറ്റ ബിംബമായി മാറി എന്നു വരാം. ഉദാ: കണ്ണീർപ്പാടം (വൈലോപ്പിള്ളി), കറുത്തപാൽ (കല്പറ്റ നാരായണൻ). എന്നാൽ എടുത്തു പറയേണ്ട മറ്റൊരു കാര്യം, ബിംബങ്ങൾ പ്രതീകങ്ങളിൽ നിന്ന് ഭിന്നമാണ് എന്നതത്രേ.

**2.1. പ്രതീകവും ബിംബവും**

ബിംബങ്ങളെ പോലത്തെന്നെ കാവ്യത്തിൽ പ്രവർത്തിയ്ക്കുന്നവയാണ് പ്രതീകങ്ങളും (Symbols). സിംബൽ എന്നാൽ ചിഹ്നം എന്നാണ് അർത്ഥം. പല ഗണിതക്രിയകൾ ചെയ്യാനും ശാസ്ത്രവിഷയങ്ങളിലെ സമവാക്യങ്ങൾ നിർദ്ധാരണം ചെയ്യാനുമൊക്കെ പല തരം ചിഹ്നങ്ങൾ ഉപയോഗിയ്ക്കാറുണ്ടല്ലോ. അതുപോലെത്തന്നെയാണ് കാവ്യത്തിലെ ചിഹ്നങ്ങളും. അടിസ്ഥാനപരമായി നോക്കുമ്പോൾ വാക്കുകൾ പോലും ചിഹ്നങ്ങളാണ്. 'മരം' എന്ന വസ്തുവിനെക്കുറിയ്ക്കുന്ന ഒരു ചിഹ്നം മാത്രമാണല്ലോ 'മരം' എന്ന വാക്ക്. നിത്യജീവിതത്തിലും പല സന്ദർഭത്തിലും പ്രതീകങ്ങൾ ഉപയോഗിക്കാറുണ്ട്. ഉദാഹരണത്തിന്, വാലൻ്റയിൻസ് ഡേയ്ക്ക് പ്രണയസൂചകമായി പൂക്കൾ കൊടുക്കുന്നത്, അതല്ലെങ്കിൽ, യുദ്ധത്തിനെതിരായി സുഡോകുവിന്റെ കൊക്കുകളെ ഉണ്ടാക്കുന്നത് തുടങ്ങിയവ. ക്രിസ്തുമതവിശ്വാസവുമായി ബന്ധപ്പെട്ട് കാണുന്ന ഇടയൻ എന്ന സങ്കല്പം, ഉപനിഷത്തുകളിൽ കാണുന്ന പഴം തിന്നുന്ന പക്ഷി / അതു നോക്കിയിരിയ്ക്കുന്ന പക്ഷി തുടങ്ങിയവയും പ്രതീകങ്ങൾ തന്നെയാണ്. സിംബലുകൾ സൂക്ഷ്മമാകുന്നതോടെ അവയ്ക്കും ബിംബത്തിന്റെ സ്വഭാവം കൈവരാം. എന്നാൽ, ഇവ തമ്മിലുള്ള വ്യത്യാസമായി തോന്നിയിട്ടുള്ള പ്രധാനകാര്യം, പ്രതീകം എപ്പോഴും ഒന്നിനെ പറഞ്ഞ് മറ്റൊന്നിനെ സൂചിപ്പിയ്ക്കുകയാണ് ചെയ്യുന്നത്. ബിംബമാകട്ടെ, അതിനെത്തന്നെ, ആഴത്തിൽ വ്യഞ്ജിപ്പിക്കുന്നു.

സിംബലുകൾ ഒരു തരം കരാറിൻ മേലാണ് ഭാഷയിൽ പ്രവർത്തിയ്ക്കുന്നത് എന്നു പറയാം. ഇതിൽ എവിടെയെങ്കിലും വീഴ്ച്ച പറ്റിയാൽ ആസ്വാദനത്തെ അത് ബാധിയ്ക്കും. ഉദാഹരണത്തിന്, 'വേളി' എന്നത് മരണത്തെ സൂചിപ്പിക്കുന്നതാണ് എന്ന് അംഗീകരിയ്ക്കാതെ 'എന്റെ വേളി' എന്ന കവിത ആസ്വദിയ്ക്കാനാവില്ല. മുണ്ടശ്ശേരിയെപ്പോലുള്ളവർ, പ്രതീകത്തെ ഒരുതരം അന്യാപദേശം എന്നു വിശേഷിപ്പിക്കുന്നത് ഇതുകൊണ്ടാവാം[12].

**3.മലയാള കവിതയിൽ നിന്ന് ചില ഉദാഹരണങ്ങൾ:**

പ്രകൃതിപ്രതിഭാസങ്ങളിലും മനുഷ്യേതരജീവികളിലും മനുഷ്യത്വമാരോപിക്കുക എന്ന രീതി (അന്യാപദേശം) വൈദികസാഹിത്യം മുതൽ പിൻതുടർന്നു പോരുന്നതു കാണാം; വായുവിനെ ദേവനായി സങ്കല്പിയ്ക്കുന്നതു പോലെ. അദ്ധ്യാത്മരാമായണംകിളിപ്പാട്ടിൽ (സുന്ദരകാണ്ഡം), ലങ്കയിലെത്തിയ ഹനുമാന് (പിതാവായ) വായു വഴികാണിച്ചു കൊടുക്കുന്ന സന്ദർഭം നോക്കുക:

കുസുമചയസുരഭിയൊടു പവനനതി ഗൂഢമായ്
കൂടെത്തടഞ്ഞു കൂട്ടിക്കൊണ്ടു പോയുടൻ
ഉപവനമുരുതരരു പ്രവരങ്ങളു
മുന്നതമായുള്ള ശിംശപാവൃക്ഷവും
അതിനികടമഖിലജഗദീശ്വരിതന്നെയും
ആശുകനാശു കാട്ടിക്കൊടുത്തീടിനാൻ

12 ജോസഫ് മുണ്ടശ്ശേരി, കാവ്യപീഠിക, 1999:കറന്റ് ബുക്സ് തൃശ്ശൂർ, പ്. 60

ഒരാൾ വന്ന് വഴി കാണിക്കുന്നതു പോലെത്തന്നെ. വള്ളത്തോളിന്റെ തോണിയാത്രയിൽ വായു പ്രത്യക്ഷപ്പെടുന്നത് ഇങ്ങനെയാണ്:

വഞ്ചിയ്ക്കെഴും വൻചിറകായ പായ്മേ-
ലിയറ്റിടും മഞ്ജുളമർമ്മരത്താൽ
രാവിന്റെ വീർപ്പാം കുളിർമാരുതൻ വ -
ന്നെന്നോട്ടു യാത്രാകുശലോക്തി ചൊല്ലി

ഇതിൽ, രാവിന്റെ വീർപ്പാകുന്ന (നിശ്വാസമാകുന്ന) കുളിർ മാരുതൻ എന്ന് രൂപകം. മോഹനകൃഷ്ണൻ കാലടിയുടെ, 'മഴ വരുന്നു' എന്ന കവിതയിലെ കാറ്റ് മറ്റൊരു തരത്തിലാണ് പ്രത്യക്ഷപ്പെടുന്നത്:

മഴ വരുന്നു നടക്കുക വേഗം,
കുടയെടുക്കാൻ മറന്നോരു കാറ്റേ
അപ്പൊഴേയ്ക്കു നീയോടിത്തുടങ്ങി
ഒട്ടുമേ ക്ഷമയില്ലാത്ത കാറ്റേ-

കാറ്റ്, ഇവിടെയൊരു കുട്ടിയാകുന്നതു കാണാം. ഒരർത്ഥത്തിൽ, എഴുത്തച്ഛനിലൊക്കെ കണ്ടപോലെ, മനുഷ്യത്വാരോപണം. എന്നാൽ, അതിൽ ഒരു ബിംബസ്വഭാവവുമുണ്ട്. പക്ഷേ, ഒരു ബിംബം കവിതയിൽ ഉടനീളം ആവർത്തിക്കുമ്പോൾ അതിൽ പ്രതീകസ്വഭാവവും കടന്നു വരുന്നു. സങ്കീർണ്ണമായ പ്രയോഗം എന്നർത്ഥം.

മറ്റൊരു സന്ദർഭത്തിൽ, പി.കുഞ്ഞിരാമൻ നായർ, കാറ്റിനെ അടയാളപ്പെടുത്തുന്നതുകൂടി നോക്കാം:

തോറ്റു തുലഞ്ഞല്ലോ പൂക്കൾ, അന്തി-

ക്കാറ്റിന്നു സംബന്ധമെത്ര ദിക്കിൽ!

ഇവിടേയും വ്യക്തിത്വാരോപണമുണ്ട്. എന്നാൽ, ഇവിടത്തെ കാറ്റ്, ഇതുവരെ കണ്ടതിൽ നിന്നെല്ലാം വ്യത്യസ്തമാണ്. അതൊരു അനുഭവമായി, ഇന്ദ്രിയാനുഭൂതിയായി, സാന്ദ്രമാകുന്നു.

കാറ്റുപോലെത്തന്നെ നമുക്ക് പരിചിതമാണ് 'വണ്ട്'. ശാകുന്തളത്തിൽ വണ്ടിന്റെ ശല്യത്തെപ്പറ്റി ശകുന്തള പറയുമ്പോൾ രാജാവിനോട് പരാതി പറയാനാണ് സഖിമാർ പറയുന്നത്. ഈ വണ്ട് കേവലം വണ്ടല്ല എന്നും ശകുന്തയോട് പ്രണയാഭ്യർത്ഥനയുമായി കറങ്ങുന്ന ഒരാളാണ് എന്നും വരാം. 'കാമുകഭൃംഗം' എന്ന പ്രയോഗംതന്നെയുണ്ടല്ലോ. ഇനി, ശകുന്തള ചെന്നു പരാതി പറയേണ്ടുന്ന രാജാവോ, ഒരർത്ഥത്തിൽ അദ്ദേഹവും വണ്ടുതന്നെ! കുമാരനാശാന്റെ ഭാഷയിൽ പറഞ്ഞാൽ, കുസുമാന്തരലോലനായ വണ്ട്. ആശാന്റെ വീണപൂവിൽ, പൂവും വണ്ടും എല്ലാം പ്രതീകങ്ങളുടെ നില കൈക്കൊള്ളുന്നതു കാണാം. ജി. ശങ്കരക്കുറുപ്പിന്റെ 'ഭൃംഗഗീതി', പി.പി.രാമചന്ദ്രന്റെ 'മാമ്പഴക്കാലം' തുടങ്ങിയ കവിതകളിലും പ്രതീതാത്മകസ്വഭാവത്തോടെ പാറുന്ന വണ്ടുകളെക്കാണാം. 'ഓണക്കിനാവ്' എന്ന കവിതയിൽ വൈലോപ്പിള്ളി എഴുതുന്നതു നോക്കൂ:

തന്നുടെ നെറുകയിലൊക്കത്തും വ്രജ -

സുന്ദരി പോലിത്തുമ്പപ്പൂച്ചെടി

പതയും പാലിൻ നിറകുടമേന്തി -

പ്പകലും നിന്നു കിനാവുകൾ കാൺകേ

ചേതോഹരമാമേതോ മുരളീ-

നാദോദ്ഘോഷം കേട്ടു തരിയ്ക്കേ

ശ്യാമളവർണ്ണൻ വണ്ടേ, വന്നീ-

യോമലെയെന്തിന ചുംബിപ്പൂ നീ?

ഇവിടെ വണ്ടും തുമ്പയും യഥാക്രമം കൃഷ്ണൻ്റേയും ഗോപസ്ത്രീയുടേയും പ്രതീകമാകുന്നു. എന്നാൽ,

വരുന്ന തീരാദാഹത്തോടൊരു

കരിവണ്ടെന്നുടെ രഥമേറി -

എന്ന് ഇടശ്ശേരി (അമ്പാടിയിലേയ്ക്കു വീണ്ടും എന്ന കവിത) എഴുതുമ്പോൾ, കരിവണ്ട് കൃഷണൻതന്നെയാകുന്നു. രൂപകാതിശയോക്തിയാണെന്നു പറയാം; ബിംബം തന്നെ എന്നും പറയാം. എന്നാൽ, 'ഊഞ്ഞാലിൽ' എന്ന കവിതയിൽ,

മാമ്പൂവിൻ നിശ്വാസമേറ്റോർമ്മകൾ മുരളുമ്പോൾ

നാം പൂകുകല്ലീ വീണ്ടും ജീവിതമധുമാസം -

എന്ന് വൈലോപ്പിള്ളി എഴുതുമ്പോൾ അവിടെ വണ്ടില്ല, പകരം ഓർമ്മകൾ, മധുമാസം തേടുന്ന വണ്ടാകുന്നു: ബിംബംതന്നെയാകുന്നു.

ഒരു പേനക്കത്തിയാലൊ-

രിളന്നീർക്കണ്ണുമാതിരി

പകയാലെൻ മനുഷ്യത്വ-

ക്കനി ചെത്തിത്തുരന്നു ഞാൻ

(അക്കിത്തം, ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം)

ഒരു കുറ്റിച്ചൂല്,

ഒരു നാറത്തേപ്പ് - ഞെണുങ്ങിയ വക്കാർ -
ന്നൊരു കഞ്ഞിപ്പാത്രം
ഒരട്ടി മണ്ണവൾ -
( ആറ്റൂർ, സംക്രമണം)
ഞാനോ,
നിന്റെ കണങ്കാലിൽ നിന്നുള്ള
നാലുവരിപ്പാതയിൽ
താനേ നിന്നു കത്തുന്ന
ഒരു പച്ചില വിളക്ക് -
(ജയദേവ് നായനാർ)

എന്നിങ്ങനെ, ഏതു കാലത്തെ കവിതയിൽനിന്നും സമൃദ്ധമായി ബിംബങ്ങൾ കണ്ടെടുക്കാൻ സാധിക്കും.

**ഉപസംഹാരം**

അലങ്കാരം, പ്രതീകം, ബിംബം എന്നിവ തമ്മിൽ ചില സാദൃശ്യങ്ങളുണ്ടെങ്കിലും ധർമ്മം കൊണ്ടും കാവ്യത്തിൽ പ്രവർത്തിയ്ക്കുന്ന രീതി കൊണ്ടും വ്യത്യസ്തങ്ങളാണ് എന്നാണ് ഈ പ്രബന്ധത്തിൽ പറയാൻ ശ്രമിച്ചത്. കവിതയിലെ ഭാവുകത്വ പരിണാമവുമായി ബന്ധിപ്പിച്ച് ചിന്തിയ്ക്കുമ്പോൾ ഈ ഭേദത്തിന് വലിയ പ്രസക്തിയുമുണ്ട്. അലങ്കാരസമൃദ്ധമായ കാവ്യഭാഷയിൽ നിന്ന് ബിംബസമൃദ്ധമായ കാവ്യഭാഷയിലേയ്ക്കുള്ള പരിണാമം എന്ന് ഈ മാറ്റത്തെ സംഗ്രഹിക്കാം. കാവ്യാസ്വാദനചർച്ചകളെ സജീവമാക്കാൻ തക്കവണ്ണം നിരവധി സാധ്യതകളുള്ള ഒരു മേഖലയാണ് ഇത് എന്ന് മാത്രം സൂചിപ്പിച്ചു കൊണ്ട് ചുരുക്കട്ടെ.

## ഗ്രന്ഥസൂചി

1.അച്യുതനുണ്ണി ചാത്തനാത്ത് - അലങ്കാരം: കാളിദാസ കവിതയെ മുൻനിർത്തി ഒരു വിചാരം, 2016, വള്ളത്തോൾ വിദ്യാപീഠം ശുകപുരം.

2..അച്യുതനുണ്ണി ചാത്തനാത്ത് (വിവ) - കാവ്യാലങ്കാരസൂത്രവൃത്തി,1983:വള്ളത്തോൾ വിദ്യാപീഠം ശുകപുരം.

3. അച്യുതൻ നമ്പൂതിരി, അക്കിത്തം, അക്കിത്തം കവിതകൾ, 2002, വള്ളത്തോൾ വിദ്യാപീഠം ശുകപുരം/കറന്റ് ബുക്സ്, തൃശ്ശൂർ.

4.അച്യുതൻ, എം, പാശ്ചാത്യ സാഹിത്യ ദർശനം, 1991: കറൻറ് ബുക്സ്, തൃശ്ശൂർ.

5. കൃഷ്ണപ്പിള്ള, ചങ്ങമ്പുഴ, ചങ്ങമ്പുഴക്കവിതകൾ, വാല്യം - 1, 2, 2004, ഡി.സി ബുക്സ് കോട്ടയം

6.ഗോവിന്ദൻ നായർ, ഇടശ്ശേരി, ഇടശ്ശേരിക്കവിതകൾ,2007, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

7. നാരായണ മേനോൻ, വള്ളത്തോൾ, സാഹിത്യമഞ്ജരി, 2011, ഡി.സി.ബുക്സ്, കോട്ടയം.

8.ഭാസ്കരൻ, ടി, ഭാരതീയകാവ്യശാസ്ത്രം, 2019, കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്തപുരം.

9.മുണ്ടശ്ശേരി, ജോസഫ്, കാവ്യപീഠിക, 1999,കറൻറ് ബുക്സ്, തൃശ്ശൂർ.

10.രാജരാജവർമ്മ, എ.ആർ, ഭാഷാഭൂഷണം, 2001, SPCS/NBS, കോട്ടയം.

11. ശ്രീധരമേനോൻ, വൈലോപ്പിള്ളി, സമ്പൂർണ്ണ കൃതികൾ, വാല്യം 1, 2, 2001, കറന്റ് ബുക്സ്, തൃശ്ശൂർ .